**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6265** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളുടെ ഓരോ വർഷത്തെയും കണക്കുകൾ അതതു വർഷം തന്നെ ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കുടിശ്ശിക ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കുടിശ്ശിക ഉള്ള ജില്ലകളിലെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിനാവശ്യമായ റിക്കോർഡുകളും സ്റ്റേറ്റ്മെന്റുകളും സമയബന്ധിതമായി സമർപ്പിച്ച സഹകരണ സ്ഥാപനങ്ങളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഒന്നിൽ കൂടുതൽ ശാഖകളുള്ള സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നടത്തുന്നതിന് എത്ര ഓഡിറ്റർമാരെയാണ് നിയമിക്കുന്നതെന്നും ഒന്നിൽ കൂടുതൽ ഓഡിറ്റർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ടീം ഓഡിറ്റ് ആരംഭിച്ച് കഴിഞ്ഞാൽ നിലവിലുള്ള സ്ഥിതി മാറി ടീമായാണ് ഓഡിറ്റർമാർ സംഘത്തിൽ ഓഡിറ്റ് നടത്തുന്നത്. ഒരു ടീമിൽ മൂന്ന് ഓഡിറ്റർമാർ ഉണ്ടായിരിക്കും. സീനിയർ ആയ ഓഡിറ്റർ ടീമിന്റെ തലവൻ ആയിരിക്കും. |
| (സി) | ഓഡിറ്റിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ അത് സംബന്ധിച്ച റിപ്പോർട്ട് രഹസ്യമായി ജോയിന്റ് രജിസ്ട്രാർക്ക് നൽകണമെന്ന ചട്ടം കൃത്യമായി പാലിക്കാത്ത ഓഡിറ്റർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ